സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഗ്രാമീണ മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും ഖാദി ബോർഡ് സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്ന പ്രത്യേക തൊഴിൽദായക പദ്ധതിയാണ് 'എന്റെ ഗ്രാമം'. മൂന്ന് വർഷമെങ്കിലും ഫലപ്രദമായി നടത്തുന്ന വ്യവസായ സംരംഭകരിൽ ജനറൽ കാറ്റഗറിക്ക് മൊത്തം പദ്ധതി ചെലവിന്റെ 25%-വും പിന്നാക്ക വിഭാഗങ്ങൾക്കും സ്ത്രീകൾക്കും 30%-വും പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 40%-വും മാർജിൻ മണി ഗ്രാന്റായി അനുവദിക്കും.

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഖാദി തൊഴിലാളികൾക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ്

103 (4685) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് 2014-15 വർഷം മുതൽ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തുക വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 28-1-2014-ന് നിയമസഭാ കോംപ്ലക്സിലെ മുഖ്യമന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് വർദ്ധിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പരമ്പരാഗത ഗ്രാമവ്യവസായങ്ങൾ

104 (4686) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ഗ്രാമവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം ഗ്രാമവ്യവസായങ്ങൾക്കാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതെന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര യൂണിറ്റുകൾക്ക് ഗ്രാന്റായി അനുവദിച്ചുവെന്നും വിശദമാക്കാമോ ;

(സി) ഇത്തരം വ്യവസായങ്ങളുടെ വായ്പാ യൂണിറ്റുകൾ എഴുതി തള്ളുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതെന്താണെന്നും ഈ സർക്കാർ വന്നശേഷം എത്ര യൂണിറ്റുകൾ അപ്രകാരം എഴുതിത്തള്ളി എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത ഗ്രാമവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദായക പദ്ധതി (PMEGP), എന്റെ ഗ്രാമം എന്നിങ്ങനെ രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. പരമ്പരാഗത വ്യവസായങ്ങളായ തേനീച്ച വളർത്തൽ, മൺപാത്ര നിർമ്മാണം, നെയ്ത്ത്, കൊത്തുപണി തുടങ്ങിയവയുടെ പ്രോത്സാഹനത്തിനായി വളരെ ഫലപ്രദമായ പദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി 2012-ൽ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദായക പദ്ധതി പ്രകാരം ഇതുവരെ 46.62 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അന്യംനിന്നു പോയ ഗ്രാമവ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഈ വ്യവസായ ങ്ങൾക്ക് സർക്കാർ പുനരുദ്ധാരണ ഗ്രാന്റ് നൽകിവരുന്നു.

(ബി) ആനുകൂല്യങ്ങൾ അനുവദിക്കുന്ന വ്യവസായങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

കഴിഞ്ഞ സാമ്പത്തിക വർഷം 8.33 കോടി രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

(സി) വായ്പാത്തുക എഴുതിത്തള്ളുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ല. എന്നാൽ മുൻകാലങ്ങളിൽ അനുവദിച്ച 50,000-രൂപ (പാറ്റേൺ, സി.ബി.സി. സ്കീം) വരെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പാത്തുക എഴുതിത്തള്ളുന്നതിനായി സംസ്ഥാന സർക്കാരിന്റെ സ്കീം നിലവിലുണ്ട്. ഇത് പ്രകാരം 2.20 കോടി രൂപയുടെ വായ്പ ഇതിനകം എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly